## പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1745 | 04.12.2018-ൽ മറുപടിയ്ക്ക് |
|---|---|

**കൊച്ചി നഗരസഭയിലെ അമൃത് പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.ജോൺ ഫെർണാണ്ടസ് | | എ.സി.മൊയ്തീൻ<br>തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി | |
| (എ) | അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി കൊച്ചി നഗരസഭയിലെ 15, 16, 17 ഡിവിഷനുകളിൽ ഉൾപ്പെടുന്ന പ്രദേശത്ത് സീവറേജ് ആന്റ് സെപ്റ്റേജ് മാനേജ്മെന്റ് സെക്ടറിൽ ഡീസെൻട്രലൈസ്ഡ് സീവറേജ് ട്രീറ്റ്മെന്റ് പ്ലാന്റിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എന്നത്തേക്ക് ആരംഭിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ; | (എ) | പദ്ധതി 2018 ഡിസംബർ 30-നകം ടെണ്ടർ ചെയ്യുന്നതും 2019 ഫെബ്രുവരി 28-നകം വർക്ക് അവാർഡ് ചെയ്ത് നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിനുമാണ് ഉദ്ദേശിക്കുന്നത്. |
| (ബി) | പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിലെ കാലതാമസത്തിന് കാരണം വ്യക്തമാക്കാമോ; | (ബി) | പദ്ധതിയുടെ ഫീൽഡ് സർവ്വേ വർക്കുകൾ നടത്തുന്നതിനും, പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുമായി M/s. Shah Consultants എന്ന സ്ഥാപനവുമായി കൊച്ചി കോർപറേഷൻ കരാറിൽ ഏർപ്പെടുകയും പ്രസ്തുത സ്ഥാപനം തയ്യാറാക്കി നല്കിയ വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ) നഗരസഭ അംഗീകരിച്ച് സാങ്കേതികാനുമതി ലഭിക്കുന്നതിനായി സാങ്കേതിക വിദഗ്ദ്ധ സമിതിയിൽ സമർപ്പിക്കുകയും ചെയ്തു . സാങ്കേതിക വിദഗ്ദ്ധ സമിതി ഡി.പി.ആർ - ൽ ചില തിരുത്തലുകൾ വരുത്തി പുനർ സമർപ്പിക്കുവാൻ നിർദ്ദേശം നൽകി . ഇപ്രകാരമുള്ള തിരുത്തലുകൾ വരുത്തി ഡി.പി.ആർ പുനർസമർപ്പിക്കുന്നതിനും തുടർന്ന് സാങ്കേതിക വിദഗ്ദ്ധ സമിതി വിശദമായ പരിശോധന നടത്തി സാങ്കേതികാനുമതി നല്കുന്നതിനുമുണ്ടായ കാലതാമസവും സ്ഥലം ലഭിക്കുന്നതിന് താമസം നേരിട്ടതുമാണ് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിൽ കാലതാമസം ഉണ്ടായത്. |
| (സി) | ഓരോ ഡിവിഷനിലും ട്രീറ്റ്മെന്റ് പ്ലാന്റുകൾ എവിടെയാണ് നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; ഇതിനായി സ്ഥലം ഏറ്റെടുത്തിട്ടുണ്ടോ എന്നറിയിക്കാമോ? | (സി) | ട്രീറ്റ്മെന്റ് പ്ലാന്റുകൾ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്ന സ്ഥലങ്ങൾ<br>ഡിവിഷൻ 15 - മധുര കമ്പനിക്ക് സമീപം<br>ഡിവിഷൻ 16 - അംഗൻവാടി നമ്പർ 001-നു സമീപം<br>ഡിവിഷൻ 17 - ജൂലിയാന സ്കൂളിനു സമീപം<br>ഇതിൽ 16,17 ഡിവിഷനുകളിൽ ആവശ്യമായ സ്ഥലം കോർപ്പറേഷൻ ഉടമസ്ഥതയിലുള്ളത് ലഭ്യമാണ്. |

| | | | |
|---|---|---|---|
| | | | ഡിവിഷൻ 15-- ൽ അഞ്ച് സെന്റ് സ്ഥലം ലഭ്യമാണ്. ബാക്കി 10 സെന്റ് സ്ഥലം, പാലത്തിന്റെ അപ്രോച്ച് റോഡിന് സ്ഥലം വിട്ടു തന്ന വ്യക്തി തന്നെ സ്ഥലം നല്കുന്നതിന് തയ്യാറാണ്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ